01
ഒക്ടോബർ
2020

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

ജംഗിൾ ന്യൂസ്

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

ഓൺലൈൻ മീറ്റിംഗിനിടെ വഴക്കും വക്കാണവും രണ്ട് എം.എൽ.എ മാർക്കെതിരെ കേസ്

തിരുവനംപുരം- കാടിന്റെ വികസനത്തെ കുറിച്ച് ആലോചിക്കാൻ ചേർന്ന യോഗം നിയമസഭാംഗങ്ങൾ തമ്മിലെ വഴക്കിലവസാനിച്ചു. കോവിഡ് 19-നെ തുടർന്ന് എല്ലാവരും ചേർന്നുള്ള മീറ്റിംഗ് റിസ്കായതിനാലാണ് ഓൺലൈൻ മീറ്റിംഗ് വെച്ചത്. എന്നാൽ ഒന്നും രണ്ടും പറഞ്ഞ് പ്രതിപക്ഷവും ഭരണപക്ഷവും തമ്മിൽ തർക്കം ഉണ്ടാവുകയായിരുന്നു. കളി എന്നോട് വേണ്ട.. പുറത്ത് പോ എന്നെല്ലാം മുഖ്യമന്ത്രി പറഞ്ഞു എന്നാണ് പ്രതിപക്ഷത്തിന്റെ ആരോപണം. പുറത്ത് പോകാൻ പറയാൻ മുഖ്യൻ ആരാണ്? ഞാൻ എന്റെ വീട്ടിലല്ലേ... എന്നായിരുന്നു പ്രതിപക്ഷ നേതാവ് ചിമ്പൻ കരടിയുടെ പ്രതികരണം. ഓൺലൈനിലാണെന്ന കാര്യം ഓർത്തില്ല എന്നാണ് അതേപറ്റി മുഖ്യമന്ത്രി ചടയൻ സിംഹം പറഞ്ഞത്. മുഖ്യനെ ചീത്ത വിളിച്ച മറ്റു രണ്ട് എം.എൽ.എ മാരായ ചേപ്പു കുരങ്ങനെതിരെയും മിട്ടു മുയലിനെതിരെയുമാണ് പോലീസ് കേസെടുത്തത്.

ഓൺലൈൻ മീറ്റിംഗ് വെച്ചത് നല്ല തീരുമാനം

ന്യൂ ജംഗ്ൾ- ഓൺലൈൻ മീറ്റിംഗ് വെച്ചത് നല്ലൊരു തീരുമാനമായിരുന്നു എന്ന് മുഖ്യമന്ത്രി കടിയൻ സിംഹം. 'ഈ മീറ്റിംഗ് എങ്ങാനും ഓൺലൈനിൽ അല്ലായിരുന്നെങ്കിൽ നിങ്ങളൊന്ന് ആലോചിച്ച് നോക്കൂ.. ആകെ അടിയും പിടിയും വഴക്കുമായി എല്ലാവരും ക്വാറന്റൈനിൽ പോകേണ്ടി വരുമായിരുന്നു. എന്റെ കൃത്യമായ നേതൃപാടവം പുറത്തുവന്ന സംഭവം കൂടിയാണിത്. എത്ര പേരെയാണ് ഞാൻ കോവിഡിൽ നിന്ന് രക്ഷപ്പെടുത്തിയതെന്ന് നിങ്ങൾ മീഡിയക്കാരൊന്ന് എണ്ണി നോക്കണം. എന്നിട്ടത് ന്യൂസ് ആക്കണം. അതൊന്നും നിങ്ങൾ ചെയ്യില്ല, ഞാനെന്തെങ്കിലും തെറ്റുകൾ ചെയ്യുന്നുണ്ടോ എന്ന് നോക്കാനല്ലേ പത്രക്കാർക്കും ചാനലുകൾക്കും ഇഷ്ടം!'. മുഖ്യമന്ത്രി ക്ഷോഭത്തോടെ പറഞ്ഞു.

കൂടിയ തടി തിരിച്ചെടുക്കണം, വമ്പൻ ആന നിയമനടപടിക്ക്

ആനത്താവളം- തടി കുറക്കാനായി 'മെലിയൻ ലേഹ്യം' കഴിച്ച തന്റെ തടി കൂടുകയാണ് ചെയ്തത് എന്ന പരാതിയുമായി കമ്പനിക്കെതിരെ വമ്പൻ ആന രംഗത്ത്. പതിനഞ്ച് കിലോയാണ് ഞാൻ കൂടിയത്. കൂടിയ തടി ഉടൻ തന്നെ കമ്പനി തിരിച്ചെടുത്തില്ലെങ്കിൽ നിയമനടപടി നേരിടേണ്ടി വരും എന്നും വമ്പൻ അറിയിച്ചു.

മെലിയൻ ലേഹ്യം കഴിച്ചാൽ മാത്രം പോരാ, വേറൊന്നും കഴിക്കാതിരിക്കുകയും വേണം എന്നാണ് കമ്പനിയുടെ വാദം. നന്നായി പന ബ്രോസ്റ്റും ഷവർമ്മയും കഴിച്ചതിന് ശേഷം ലേഹ്യം കഴിച്ചാൽ മരുന്ന് വർക്കൗട്ടാകില്ല. ദിവസവും ഫാസ്റ്റ് ഫുഡ് അടിക്കാൻ പോകുന്ന വമ്പനെ കണ്ടവരുണ്ടെന്നും കമ്പനി മേധാവി ചുണ്ടനെലി പറഞ്ഞു. ഈ ലേഹ്യം ഫലപ്രദമാണെന്നും താൻ വമ്പനെ പോലെ തടി വെക്കാത്തത് ഇത് കഴിച്ചിട്ടാണെന്നും ചുണ്ടനെലി പറഞ്ഞു.

സാമൂഹിക അകലം പാലിക്കാത്തതിന് അടിപിടി

കുറുക്കൻ വളവ്- സാമൂഹിക അകലം പാലിച്ചില്ല എന്നും പറഞ്ഞ് കുറുക്കൻ വളവിൽ അടിപിടി. പാച്ചു കുറുക്കനും മിക്കി കുറുക്കനും തമ്മിലായിരുന്നു വഴക്ക്. രണ്ടുപേരും പച്ചക്കറി വാങ്ങാൻ കടയിലെത്തിയതായിരുന്നു. നീ നിൽക്കുന്നത് രണ്ട് മീറ്റർ അപ്പുറത്തല്ല, വെറും ഒരു മീറ്റർ ദൂരത്താണെന്നും പറഞ്ഞ് പാച്ചു കുറുക്കനാണ് വഴക്ക് തുടങ്ങിയത്. എന്നാ നിനക്കങ്ങ് ദൂരെ നിന്നാൽ പോരേ എന്ന മിക്കി കുറുക്കന്റെ മറുപടി പാച്ചുവിന് ഇഷ്ടപ്പെട്ടില്ല. അതേ തുടർന്ന് രണ്ടു പേരും തമ്മിൽ വഴക്കും അടിപിടിയുമാവുകയായിരുന്നു. പോലീസെത്തി രണ്ടു പേരോടും 28 ദിവസം ക്വാറന്റൈനിൽ പോകാൻ പറഞ്ഞിട്ടുണ്ട്.

ആദ്യമായി ഭൂപടം വരച്ചത്- അനക്സിമാൻ ഡെർ (ഗ്രീക്ക് തത്വചിന്തകൻ)